## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T.6598** **12.07.2012 ൽ മറുപടിക്ക്**

## മോണോ റെയിൽ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. പി. വിൻസെന്റ്: | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | കേരളത്തിലെ മോണോ റെയിൽ പദ്ധതികൾ ഏതു ഘട്ടത്തിലാണ്; | (എ) | തിരുവനന്തപുരത്ത് മോണോറെയിൽ പദ്ധതിയെ കുറിച്ചുള്ള സാധ്യതാപഠനം നാറ്റ്പാക്ക് നടത്തി കരട് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഡിറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുവാനായി ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളിൽ ഏതൊക്കെ പ്രദേശങ്ങളാണ് ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്; | (ബി) | തിരുവനന്തപുരത്ത് മോണോറെയിൽ, മംഗലപുരം മുതൽ നെയ്യാറ്റിൻകര വരെ (41.8 കി.മി) ആണ് സാധ്യതാപഠന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാം ഘട്ടം മംഗലപുരം മുതൽ തമ്പാനൂർ (22.2 കി.മി) വരെയും രണ്ടാം ഘട്ടം തമ്പാനൂർ മുതൽ നെയ്യാറ്റിൻകര (19.6 കി.മി) വരെയും ആണ്.<br>കോഴിക്കോട് മെഡിക്കൽ കോളേജ് മുതൽ മീഞ്ചന്ത വരെ 14.2 കി.മീ. ദൈർഘ്യത്തിലാണ് കോഴിക്കോട് മോണോറെയിൽ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പാക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (സി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ഡി) | നാറ്റ്പാക്കിന്റെ പഠനപ്രകാരം ഈ പദ്ധതി യുടെ ആകെ എസ്റ്റിമേറ്റ് എത്ര; വിശദമാക്കുമോ? | (ഡി) | നാറ്റ്പാക്കിന്റെ പഠനപ്രകാരം തിരുവനന്തപുരം മോണോറെയിൽ പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ്, 2011 ലെ കണക്ക് പ്രകാരം 5099 കോടി രൂപയാണ്. കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷന്റെ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം ആകെ എസ്റ്റിമേറ്റ് തുക 1832 കോടിരൂപയാണ്. |

സെക്ഷൻ ഓഫീസർ